പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2370 27-10-2026-ൽ മറുപടിയ്ക്ക്

RDSS പദ്ധതിയും സ്മാർട്ട് മീറ്റർ സ്ഥാപിക്കലും.

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ബി. ബി. ഗോപകുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്

(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (ആർ.ഡി.എസ്.എസ്)-ന്റെ ഭാഗമായി സംസ്ഥാനത്ത് ഇതുവരെ നടപ്പാക്കിയതും പുരോഗമിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ പുരോഗതി എന്താണെന്നും വ്യക്തമാക്കുമോ;

മറുപടി: കേന്ദ്രാവിഷ്കൃത പദ്ധതിയായ റീവാംപെഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (RDSS) കെ.എസ്.ഇ.ബി.എൽ, ടേൺ കീ വ്യവസ്ഥയിൽ നടപ്പിലാക്കി വരികയാണ്. ഈ പദ്ധതിയുടെ പൂർത്തീകരണ തീയതി 31.03.2028 ആണ്.

പ്രസ്തുത സ്കീമിനു കീഴിൽ loss reduction പ്രവർത്തികൾ 3 ഘട്ടങ്ങളായാണ് ടെൻഡർ ചെയ്ത് ടെണ്ടർ നടപടികൾ പൂർത്തിയാക്കി അവാർഡ് ചെയ്തത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

i. 2023-24 കാലഘട്ടത്തിൽ ഒന്നാം ഘട്ടമായി 199.25 കോടി രൂപയുടെ ഉപപ്രസരണ പ്രവർത്തികൾ ടെൻഡർ ചെയ്ത് അവാർഡ് ചെയ്തു. നാളിതുവരെയുള്ള പുരോഗതി - 99 %

ii. രണ്ടാം ഘട്ടമായി (2024 ജൂൺ മുതൽ 2024 സെപ്റ്റംബർ വരെ) 635.50 കോടി രൂപയുടെ വിതരണ പ്രവർത്തികളാണ് ടെൻഡർ ചെയ്ത് അവാർഡ് ചെയ്തത്. നാളിതുവരെയുള്ള പുരോഗതി - 95 %

iii. മൂന്നാം ഘട്ടമായി (നവംബർ 2024 മുതൽ ഡിസംബർ 2024 വരെ) വിതരണമേഖലയിൽ 1830.28 കോടി രൂപയുടെ 5 റീജിയണൽ പാക്കേജുകൾ ടെൻഡർ ചെയ്ത് അവാർഡ് ചെയ്തു. പദ്ധതി പൂർത്തിയാക്കാൻ ആവശ്യമായ സാധന സാമഗ്രികളുടെ സംഭരണം ആരംഭിച്ച് പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. നാളിതുവരെയുള്ള പുരോഗതി - 36%

ആർ.ഡി.എസ്.എസ്. പദ്ധതിയുടെ ഭാഗമായി കൊല്ലം, തൃശ്ശൂർ, കണ്ണൂർ നഗരങ്ങളിലെ വൈദ്യുതി വിതരണശൃംഖലയിൽ SCADA-DMS സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനായി 339.98 കോടി രൂപയുടെ കരാർ 27.10.2025-ന് നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

വൈദ്യുതി വിതരണ മേഖലയിലെ ആധുനികവൽക്കരണവും പ്രവർത്തനക്ഷമത വർധിപ്പിക്കലും ലക്ഷ്യമിട്ട് ആർ.ഡി.എസ്.എസ്. പദ്ധതിയുടെ ഭാഗമായി ഇൻഫർമേഷൻ ടെക്നോളജി / ഓപ്പറേഷണൽ ടെക്നോളജി (ഐ.ടി./ഒ.ടി.) പ്രവർത്തനങ്ങൾക്കായി 209 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഒൻപത് പാക്കേജുകളിലായി കരാർ നൽകിയിട്ടുണ്ട്. ഉപഭോക്തൃ സൗഹൃദ സോഫ്റ്റ്വെയറുകളുടെ വികസനം, ഡാറ്റാ സെന്റർ നവീകരണം, സൈബർ സെക്യൂരിറ്റി സംവിധാനം ശക്തിപ്പെടുത്തൽ, വിതരണ ശൃംഖലയിലെ ആസ്തികളുടെ ജി.ഐ.എസ് മാപ്പിംഗ് തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 115 കോടി രൂപയുടെ പ്രവൃത്തികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ആർ.ഡി.എസ്.എസ്.-ന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പാക്കുന്ന അഡ്വാൻസ്ഡ് മീറ്ററിംഗ് ഇൻഫ്രാസ്ട്രക്ചർ (എ.എം.ഐ) സ്മാർട്ട് മീറ്റർ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സ്ഥാപിക്കാൻ ലക്ഷ്യമിട്ട ഏകദേശം 3 ലക്ഷം മീറ്ററുകളിൽ ഇതുവരെ എത്രത്തോളം മീറ്ററുകൾ സ്ഥാപിക്കുകയും കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്;

മറുപടി: സ്മാർട്ട് മീറ്റർ പദ്ധതിയിൽ ആദ്യ ഘട്ടത്തിൽ 2,91,960 സ്മാർട്ട് മീറ്ററുകളാണ് ടെണ്ടർ ചെയ്തത്. 18 മാസം കൊണ്ട് പൂർത്തിയാക്കാൻ ലക്ഷ്യം വച്ച ഈ പദ്ധതിയിൽ സർക്കാർ ഉപഭോക്താക്കളുടെ മീറ്ററുകൾ ലക്ഷ്യത്തിന് വളരെ മുന്നേ പൂർത്തിയാക്കാൻ സാധിച്ചു. ഈ പദ്ധതിയിൽ നാളിതുവരെ 2,15,734 മീറ്ററുകൾ സ്ഥാപിച്ചു കഴിഞ്ഞു.

(സി) പ്രസ്തുത പദ്ധതിയിൽ സ്മാർട്ട് മീറ്ററുകളിൽ നിന്നുള്ള ഡാറ്റാ ആശയവിനിമയത്തിനായി ഉപയോഗിക്കുന്ന സാങ്കേതികവിദ്യ ഏതാണെന്നും റേഡിയോ ഫ്രീക്വൻസി, സെല്ലുലാർ സാങ്കേതികവിദ്യകൾ ഏതെങ്കിലും രീതിയിൽ സംയോജിപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; പദ്ധതിയിൽ കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക് (KFON)-ന്റെ ഒപ്റ്റിക്കൽ ഫൈബർ ശൃംഖലയോ ഡാറ്റാ സെന്ററോ മറ്റ് സേവനങ്ങളോ ഉപയോഗിക്കുന്നുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

മറുപടി: സ്മാർട്ട് മീറ്റർ പദ്ധതിയുടെ രണ്ട് ടെണ്ടറിലും ആശയ വിനിമയ സാങ്കേതിക വിദ്യയോ (റേഡിയോ ഫ്രീക്വൻസി (ആർ. എഫ്) അല്ലെങ്കിൽ സെല്ലുലാർ സാങ്കേതികവിദ്യയോ തെരഞ്ഞെടുക്കാൻ കരാറുകാരന് സ്വാതന്ത്ര്യമുണ്ടായിരുന്നു. കുറഞ്ഞ ചെലവിൽ കൃത്യമായ ആശയവിനിമയം ഉറപ്പു വരുത്തുക എന്നതിനാണ് കെ.എസ്.ഇ.ബി പ്രാധാന്യം നൽകിയത്. ഒന്നാം ഘട്ടത്തിലെ എല്ലാ വിഭാഗം സ്മാർട്ട് മീറ്ററുകളും സെല്ലുലാർ സാങ്കേതികവിദ്യയാണ് ആശയവിനിമയത്തിന് ഉപയോഗിക്കുന്നത്.

ഒന്നാം ഘട്ടത്തിൽ ആശയവിനിമയത്തിനായി കെ -ഫോൺ ശൃംഖലയോ അവരുടെ ഡാറ്റാ സെന്ററോ ഉപയോഗിച്ചിട്ടില്ല.

(ഡി) സ്മാർട്ട് മീറ്ററുകൾ, ആശയവിനിമയ ശൃംഖല, ഹെഡ് എൻഡ് സിസ്റ്റം (എച്ച്.ഇ.എസ്), മീറ്റർ ഡാറ്റാ മാനേജ്മെന്റ് സിസ്റ്റം (എം.ഡി.എം.എസ്), ബില്ലിംഗ് സംവിധാനം എന്നിവയുടെ ഏകോപനത്തിനും സംയോജനത്തിനുമായി അഡ്വാൻസ്ഡ് മീറ്ററിംഗ് ഇൻഫ്രാസ്ട്രക്ചർ സർവീസ് പ്രൊവൈഡർ (എ.എം.ഐ.എസ്.പി) മാതൃകയിൽ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏജൻസിയുടെ പേരും ചുമതലകളും കരാർ വ്യവസ്ഥകളും വ്യക്തമാക്കുമോ;

മറുപടി: സ്മാർട്ട് മീറ്റർ പദ്ധതി 2 പാക്കേജുകളായാണ് (പാക്കേജ്-1 സ്മാർട്ട് മീറ്റർ, ആശയവിനിമയ ശൃംഖലയും അനുബന്ധ സോഫ്റ്റ്വെയർ, പാക്കേജ്-2 MDMS സോഫ്റ്റ്വെയർ, ഇന്റഗ്രേഷൻ) ടെണ്ടർ ചെയ്തത്. എ.എം.ഐ.എസ്.പി (അഡ്വാൻസ്ഡ് മീറ്ററിംഗ് ഇൻഫ്രാസ്ട്രക്ചർ സർവീസ് പ്രൊവൈഡർ) മാതൃകയിൽ ഏകീകൃത ഏജൻസി ഇല്ലെങ്കിലും പദ്ധതി കൃത്യമായി നടപ്പാക്കുന്ന വിധത്തിൽ കരാറുകാർക്ക് ചുമതലകൾ നൽകിയിട്ടുണ്ട്. പദ്ധതി പുരോഗതി പ്രൊജക്ട് മോണിറ്ററിങ് ഏജൻസിയും കെ.എസ്.ഇ.ബിയും കൃത്യമായി വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

(ഇ) ഒന്നാം ഘട്ടത്തിലെ സ്മാർട്ട് മീറ്റർ പദ്ധതിയുടെ സാങ്കേതിക പ്രകടനം, ഡാറ്റാ സുരക്ഷ, പ്രവർത്തനഗുണമേന്മ, ഉപഭോക്തൃസേവനം എന്നിവ വിലയിരുത്തുന്നതിനും ബന്ധപ്പെട്ട കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഒന്നാം ഘട്ടത്തിന്റെ പ്രവർത്തനഫലം വിലയിരുത്തി തൃപ്തികരമാണെന്ന് ഉറപ്പുവരുത്തിയശേഷം മാത്രം രണ്ടാം ഘട്ടത്തിലേക്കുള്ള തുടർനടപടികൾ സ്വീകരിക്കാൻ നിർദേശം നൽകുമോ;

മറുപടി: 50 ലക്ഷം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന രണ്ടാംഘട്ട പദ്ധതിയുടെ ടെൻഡർ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

ഒന്നാംഘട്ടത്തിൽ ഏകദേശം 2.91 ലക്ഷം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാനാണ് തീരുമാനിച്ചത്. ലക്ഷ്യമിട്ട സമയപരിധിക്കുള്ളിൽ 1.74 ലക്ഷം സർക്കാർ ഉപഭോക്താക്കളുടെ മീറ്ററുകൾ സ്മാർട്ട് മീറ്ററുകളാക്കി മാറ്റാൻ കഴിഞ്ഞു.

സ്മാർട്ട് മീറ്റർ പദ്ധതിയുടെ സാങ്കേതിക പ്രകടനം, ഡാറ്റാ സുരക്ഷ, പ്രവർത്തനഗുണമേന്മ, ഉപഭോക്തൃസേവനം എന്നിവ വിലയിരുത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടി ഒരു പ്രോജക്ട് മാനേജ്മെന്റ് ഏജൻസിയെ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ നോഡൽ ഏജൻസി ആയ PFC യും കേന്ദ്ര വൈദ്യുതി മന്ത്രാലയവും സമയാസമയം പദ്ധതി പുരോഗതി വിലയിരുത്തി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കാറുണ്ട്.

ഒന്നാംഘട്ടത്തിലെ സർക്കാർ ഉപഭോക്തൃ മീറ്ററുകൾ ലക്ഷ്യമിട്ട സമയത്തിനുള്ളിൽ സ്ഥാപിച്ചിട്ടുണ്ട്. പ്രധാനമായും ട്രാൻസ്ഫോർമർ മീറ്ററുകൾ സ്ഥാപിക്കുന്നതിലാണ് കാലതാമസം നേരിടുന്നത്. രണ്ടാംഘട്ട പദ്ധതിയിൽ ഉപഭോക്തൃ മീറ്ററുകൾ മാത്രമാണ് ഉൾപ്പെടുന്നത് എന്നതിനാൽ, ഒന്നാംഘട്ടത്തിലെ ട്രാൻസ്ഫോർമർ മീറ്റർ സ്ഥാപിക്കലിലുള്ള കാലതാമസം രണ്ടാംഘട്ടത്തിന്റെ നിർവഹണത്തെ ബാധിക്കുന്നില്ല.

(എഫ്) റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീമിന്റെ ഭാഗമായി എ.എം.ഐ പദ്ധതികൾ നടപ്പാക്കുന്നതിൽ സാങ്കേതിക ഉപദേശവും സഹായവും ലഭ്യമാക്കുന്നതിനായി പവർ ഫിനാൻസ് കോർപറേഷൻ (പി.എഫ്.സി), റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപറേഷൻ (ആർ.ഇ.സി) എന്നിവിടങ്ങളിലെ വിദഗ്ധരുടെ സേവനം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തേടിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച നിർദേശങ്ങളും അവ നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?

മറുപടി: റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീമിന്റെ കേരളത്തിലെ ഡിസ്കോമുകളുടെ നോഡൽ ഏജൻസി ആയി പവർ ഫിനാൻസ് കോർപ്പറേഷനെ (പി.എഫ്.സി) ആണ് കേന്ദ്ര സർക്കാർ നിയോഗിച്ചിരിക്കുന്നത്.

പി.എഫ്.സി-യും കേന്ദ്ര വൈദ്യുതി മന്ത്രാലയവും മുൻപോട്ട് വെച്ച ചില പ്രധാനപ്പെട്ട നിർദ്ദേശങ്ങളും അതിന് കെ.എസ്.ഇ.ബി.എൽ കൈകൊണ്ട നടപടിക്രമങ്ങളും ചുവടെ ചേർക്കുന്നു:

ക്രമ നം.	നിർദ്ദേശങ്ങൾ	നടപടി
1	2026 നവംബറോടെ എല്ലാ 11 kV ഫീഡറുകളും ദേശീയ ഫീഡർ നിരീക്ഷണ സംവിധാനവുമായി (National Feeder Monitoring System) സമയബന്ധിതമായി സംയോജിപ്പിക്കുക	എല്ലാ 11 kV /22 kV ഫീഡറുകളും ദേശീയ ഫീഡർ നിരീക്ഷണ സംവിധാനവുമായി (National Feeder Monitoring System) സംയോജിപ്പിച്ചു.
2	01-03-2026നകം എല്ലാ സർക്കാർ ഓഫീസുകളിലും സ്മാർട്ട് മീറ്റർ സ്ഥാപിക്കുക	എല്ലാ LT സർക്കാർ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിച്ചു കഴിഞ്ഞു.
3	സംസ്ഥാന സർക്കാരിനു കീഴിലുള്ള LT കൺസ്യൂമർ പ്രീപെയ്ഡ് സംവിധാനം ഏർപ്പെടുത്തുക	1.03.2026ഓട് കൂടി സംസ്ഥാന സർക്കാർ ബജറ്റ് സഹായം നൽകുന്ന LT ഉപഭോക്താക്കളെ വൈദ്യുതി തീരുവ ക്രമീകരണത്തിലൂടെ പ്രീപെയ്ഡ് സംവിധാനത്തിലേക്ക് മാറ്റി.
4	RDSS പദ്ധതിയിൽ ലക്ഷ്യം വച്ച വിതരണ ട്രാൻസ്ഫോർമറുകളിൽ 10%ത്തിന് സ്മാർട്ട് മീറ്റർ സ്ഥാപിക്കുക (ഏകദേശം 10000എണ്ണം)	ലക്ഷ്യം പൂർത്തിയാക്കി.
5	എം.ഡി.എം.എസ്-ൽ ഡാറ്റ അനലിറ്റിക്സ് സംവിധാനം കൊണ്ടുവരുക	എം.ഡി.എം.എസ്-ൽ ഡാറ്റ അനലിറ്റിക്സ് സംവിധാനം ആരംഭിച്ചു. സിസ്റ്റം മീറ്ററുകൾ പൂർത്തിയാക്കുന്നതോടെ ഇത് പൂർണ്ണ തോതിൽ ഉപയോഗിക്കാനാകും.
6	രണ്ടാംഘട്ട സ്മാർട്ട് മീറ്റർ പദ്ധതിയുടെ വർക്ക് അവാർഡ് ചെയ്യുന്നത് എത്രയും പെട്ടെന്ന് പൂർത്തിയാക്കുക. ശൃംഖലാ നവീകരണത്തിനുള്ള 1200കോടി രൂപ ആർ.ഡി.എസ്.എസ് ഗ്രാന്റ് ഇതിനു ശേഷം മാത്രം ലഭ്യമാക്കും.	രണ്ടാംഘട്ട സ്മാർട്ട് മീറ്റർ പദ്ധതിയുടെ ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ